

ഡി. വി. വി. എച്ച്. എസ്. എസ്.
കുമാരനല്ലൂർ
കലവറ
D v v h s s kumaranalloor school



## സ്കൂൾ ഹെഡ്മിസ്ട്രസ്സ്




സന്ദേശം

2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപീകരിക്കുന്ന 'കലവറ' എന്ന സ്കൂൾ മാഗസീൻ എല്ലാ വിജയാശംസകളും നേരുന്നു. കുട്ടികൾക്ക് സാങ്കേതികരംഗത്തെ നൂതന അറിവുകൾ സ്വായത്തമാക്കാനും,പ്രാവർത്തികമാക്കാനും സഹായിക്കുന്ന രീതിയിലുള്ള ലിറ്റിൽ കൈറ്റ്സിനും അഭിനന്ദനങ്ങൾ

സ്നേഹപൂർവ്വം

ഗിരിജ.കെ

ഹെഡ്മിസ്ട്രസ്സ്

ദേവി വിലാസം വി.എച്ച്.എസ്.എസ്

കുമാരനല്ലൂർ.

# സ്കൂൾ ചരിത്രം

കുമാരനല്ലൂർ ദേവീ വിലാസം ഹൈസ്കൂൾ സ്ഥാപിതമായിട്ട് അറുപത്തിരണ്ട് വർഷം പിന്നിട്ടു. ഗുരുകുലവിദ്യാഭ്യാസരീതിയിൽ സംസ്കൃതം, വൈദ്യം, ജോതിഷം, ചിത്രകല, സംഗീതം, ക്ഷേത്രകലകൾ തുടങ്ങിയവ അഭ്യസിക്കുന്നതിന്നതിനുള്ള സൗകര്യങ്ങൾ കുമാരനല്ലൂർ ക്ഷേത്രത്തെ കേന്ദ്രമാക്കി നടന്നിരുന്നു. 1935 ൽ സംസ്കൃത വിദ്യാഭ്യാസം നല്കുന്നതിനുള്ള ഒരു സ്കൂൾ ഇവിടെ ആരംഭിക്കുകയുണ്ടായി.ബ്രഹ്മചാരികളായ യുവാക്കൾക്കുവേണ്ടി 1081 ൽ ആരംഭിച്ച സ്പെഷ്യൽ സ്കൂളാണ് കാലാന്തരത്തിൽ സംസ്കൃത വിദ്യാലയമായി രൂപാന്തരപ്പെട്ടത്. കുമാരനല്ലൂർ ദേവസ്വത്തിൻറെ ഉടമസ്ഥതയിലും ശ്രീ. സി.എൻ ഉപ്പൻ നമ്പൂതിരിപ്പാടിൻറെ നേതൃത്വത്തിലും സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ശാസ്ത്രിപരീക്ഷയ്ക്കുള്ള പാഠപദ്ധതിയനുസരിച്ചുള്ള അദ്ധ്യയനം നടത്തിയിരുന്നു. 1947-48 ൽ തിരുവിതാംകൂർ സർക്കാർ വിദ്യാഭ്യാസരംഗത്ത് വരുത്തിയ പരിഷ്കാരം അനുസരിച്ച് ഇത്തരം വിദ്യാലയങ്ങൾ നിർത്തലാക്കുകയുണ്ടായി. ഈ അവസരത്തിലാണ് നാടിൻറെ ഒരാവശ്യം കൂടിയായിരുന്ന ആധുനിക വിദ്യാഭ്യാസം നല്കുന്നതിനുള്ള ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് കുമാരനല്ലൂർ ദേവസ്വം മുന്നോട്ട് വന്നത്. അങ്ങനെ 1948 ൽ ഇന്നത്തെ ഹൈസ്കൂൾ ആരംഭിച്ചു. സ്കൂൾ ഭരണത്തിന് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ശ്രീ. സി. എൻ ഉപ്പൻ നമ്പൂതിരിപ്പാടിനെ ആയുഷ്കാല മാനേജരായി നിശ്ചയിക്കുകയും ചെയ്തു. കോട്ടയം എൻ. എസ്സ്.എസ്സ് ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്ന ശ്രീ. കെ. ആർ ചന്ദ്രശേഖർ ആണ് ആദ്യമായി നിയമിതനായ ഹെഡ്മാസ്റ്റർ. വളരെ വേഗം നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു വിദ്യാലയമായി ഈ സ്കൂൾ രൂപാന്തരപ്പെടുകയും ചെയ്തു.ഡി. വി ഹൈസ്കൂളിൻറെ ഒരു പോഷകവിദ്യാലയം എന്ന നിലയിൽ ഒരു ലോവർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. ഇന്ന് ഈ പ്രൈമറിസ്കൂൾ എല്ലാവിധ സൗകര്യങ്ങളും ഉള്ള വിദ്യാലയമായി ഹൈസ്കൂളിൻറെ സമീപത്തായി പ്രവർത്തിക്കുന്നു.

## കുമാരനെല്ലൂരിൻെറ ചരിത്രത്തിൻെറ ഏട്ടുകളിലൂടെ

കോട്ടയം ജില്ലയിലെ കുമാരനെല്ലൂരിനെപ്പറ്റി കേട്ടിട്ടില്ലാത്തവർ ഉണ്ടാവില്ല . അക്ഷരനഗരിയിലെ ഒരു ഗ്രാമപ്രദേശമായിരുന്ന കുമാരനല്ലൂർ വളരെ പ്രശസ്തമായ കുമാരനല്ലൂർ ദേവി ക്ഷേത്രത്തിന്റെ പേരിലാണ് കുമാരനെല്ലൂർ എന്ന പ്രദേശം അരിയപ്പെടുന്നത് . കുമാരനെല്ലൂരിന് അഞ്ച് കിലോമീറ്റർ മാറിയാണ് കോട്ടയം സ്ഥിതി ചെയ്യുന്നത് . ദേവി ക്ഷേത്രം നിലവിൽ വരുന്നതിനു മുൻപ് ഈ പ്രദേശത്തെ 'തിങ്കൾക്കാട്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് . പിന്നീട് ' ഇന്ദുകാനനം ' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി . കോട്ടയം മുനിസിപ്പാലിറ്റി വരുന്നതിന് മുൻപ് ഈ പ്രദേശം 2010 വരെ കുമാരനെല്ലൂർ ഗ്രാമപഞ്ചായത്തിൻെറ അധീനതയിലായിരുന്നു .

## കുമാരനല്ലൂർ പെരുമ

### സംക്രാന്തി വാണിഭം

പേമാരിമൂലം പുറത്തുപോയി ജോലിചെയ്യാൻ ബുദ്ധിമുട്ടുള്ളകർക്കിടകമാസത്തിൽ ദാരിദ്ര്യത്ത നിന്നും മോചനം കിട്ടുന്നതിന് കുലത്തൊഴിൽ ചെയ്യുള്ള വസ്തുതകൾ ഉദാ:-പായ്,മുറം,കുട്ട തുടങ്ങിയ സാധനങ്ങൾ കർക്കിടക മാസം സക്രാന്തിയിൽ സംക്രാന്തിവാണിഭം എന്ന പേരിൽ വിറ്റഴിക്കപ്പെടുന്നു. ഇന്നും അതു തുടർന്നു പോരുന്നു.

### ഉത്രട്ടാതിവള്ളംകളി

ചിങ്ങമാസത്തിലെ ഉത്രട്ടാതി നാളിൽ ആശ്രിതവൽസലയായ
കുമാരനല്ലൂർ കാർത്ത്യായനീ ദേവി സിംഹവാഹനം പ്രതിഷ്ഠിച്ച തോണിയിൽ തന്റെ ഭക്തരെ കാണുന്നതിനായി മീനച്ചിലാറ്റിലൂടെ യാത്രനടത്തുന്നു. ദേവിക്കകമ്പടിയായി ഭക്തരും തോണിയി
നാമജപങ്ങളുമായി അനുഗമിക്കുന്നു. മീനച്ചിലാറിന്റെ ഇരുവശവും
പറവെച്ചും,കുരവയിട്ടും ആർപ്പുവിളിച്ചും ഭക്തർ ദേവിയെ വരവേൽക്കുന്നു.
വൈകുന്നേരം കരവഞ്ചിയോടെ ക്ഷേത്രത്തിൽ എത്തിച്ചേരുന്നു.

# സ്കൂൾ പ്രവർത്തനങ്ങൾ



Bird's club പ്രവർത്തനങ്ങൾ സംവിധായകൻ ജയരാജ് ഉദ്ഘാടനം ചെയ്യുന്നു


## നക്ഷത്രവനം

സ്കൂൾ ഗ്രൗണ്ടിനോട് ചേർന്ന് കുട്ടികൾ പരിപാലിക്കുന്ന നക്ഷത്രവനം






സൈക്കിൾ റാലി -മയക്കുമരുന്ന് വിരുദ്ധ പ്രചാരണം




ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്



യോഗദിനാചരണം

# സ്കൂളിന്റെ അഭിമാനം



സംസ്കൃതോത്സവം വിജയികൾ



ഹൈസ്കൂൾ വിഭാഗം കലോൽസവ വിജയികൾ

# ഓർമ്മചെപ്പ്



എന്റെ ജിവിതത്തിൽ ഒരു മനോഹരമായ കാലഘട്ടമാണ് കലാലയം. ആദ്യമായി എനിക്ക് ഏറ്റവും കൂടുതൽ കൂട്ടുകാരെ കിട്ടുന്നത് എന്റെ വിദ്യാലയത്തിൽ നിന്നാണ്. അതുപോലെ തന്നെ നല്ല അദ്ധ്യാപകരെയും. അദ്ധ്യാപകർ എന്നു പറഞ്ഞാൽ വിദ്യ പകർന്നു തരുന്നവർ മാത്രമല്ല അമ്മയും നല്ല സുഹൃത്തുക്കളും ആണെന്ന് ഞങ്ങളെ പഠിപ്പിച്ചത് ഈ വിദ്യാലയമാണ്. ഓർത്തുവെക്കാൻ ഒരുപാട് മധുര ദിനങ്ങൾ കടന്നുപോയിട്ടുണ്ട്........

കുട്ടികളുടെ മനസ്സ് വേദനിക്കുമ്പോൾ ആശ്വസിപ്പിക്കുന്നത് നമ്മുടെ അദ്ധ്യാപകരാണ്. ഇടക്കിടെ ടീച്ചർമാരോട് കള്ളം പറഞ്ഞ് ക്ലാസിൽ നിന്നും ഇറങ്ങിപോകുന്നത് കുട്ടികൾക്കിടയിൽ പതിവായിരുന്നു. കംമ്പ്യൂട്ടർ ലാബിൽ പോയി ടീച്ചർ പറയുന്നത് കേൾക്കാതെ ഗെയിം കളിക്കുന്നതും പതിവായിരുന്നു. പഠിക്കാതെ ക്ലാസിൽ വരുന്ന അന്നായിരിക്കും ടീച്ചർ ചോദ്യം ചോദിക്കുന്നത് അന്ന് ഉറപ്പായിട്ടും തല്ല് കിട്ടും എന്നാൽ.... ആ തല്ലിലുമുണ്ടൊരു സ്നേഹം.

ക്ലാസിൽ ടീച്ചർ പഠിപ്പിക്കുന്ന സമയത്ത് ഉച്ചഭക്ഷണം കഴിക്കാനുള്ള മണിയടിക്കുമ്പോൾ ചോറ് വാങ്ങാൻ ക്ലാസിൽ നിന്ന് ഇറങ്ങി ഓടും. കഞ്ഞിപ്പുരയിൽ പോയി ക്യൂ നിന്ന് ചോറ് വാങ്ങി വയറ് നറക്കും. പിന്നെ കഴിച്ചു കഴിഞ്ഞ് ക്ലാസിൽ വന്ന് ഒരു കളിയുണ്ട്. അത് ഡെസ്റ്റർ കൊണ്ടാണ്. കളിയുടെ ഇടയിൽ തലയിലോ, കൈയിലോ തട്ടിയാൽ കരയുന്ന കുറേ മുതുക്കികളുണ്ട് പിന്നെ കരച്ചിലും പിഴിച്ചും പിന്നെ ചില പിണക്കങ്ങളും...... നല്ല സൗഹൃദങ്ങളും.

സൗഹൃദം...... നിറവ്യത്യാസങ്ങളോ വലുപ്പചെറുപ്പങ്ങളോ ഇല്ലാത്ത സ്നേഹബന്ധം. എൻെ ക്ലാസ്സിലും നല്ല സൗഹൃദങ്ങൾക്ക് സ്ഥാനമുണ്ട്.മറ്റു ക്ലാസ്സിലെ കുട്ടികളുമായും സൗഹൃദം ഉണ്ട് .അതുപോലെ തന്നെ ക്ലാസ്സ് മുറിയിൽ മാത്രം ഒതുങ്ങി പോകേണ്ട ഒന്നല്ല സൗഹൃദം. ഓർമിക്കാനും ഓർക്കപ്പെടാനും എന്നും എന്റെ മനസ്സിൽ ഉണ്ടാകും എന്റെ വിദ്യാലയം.

ഗായത്രി പുരുഷോത്തമൻ
9.എ

# പിരിയുന്ന കൂട്ടുകാർ

*അന്നൊരാപ്പെയ്ത്ത മഴയിൽ ഒന്നിച്ച*
*ഇന്നീ കണ്ണീർ മഴയിൽ പിരിയിന്നുവോ*
*ആദ്യ വർഷത്തിലറിയാത്ത നമ്മൾ*
*അന്ത്യവർഷത്തിലടുത്തിരുന്ന*
*മനസ്സിലെ നൊമ്പരംപോലും മറന്നു നാം*
*മതിമറന്നു ഈ  വിദ്യാലയത്തിൽ*
*കളിയായ് ചിരിയായ് കളിവാക്കു പറഞ്ഞു*
*അറിയാതെ വർഷങ്ങൾ പൊഴിഞ്ഞു വീണു*
*എത്തുന്ന ദുഃഖത്തിൽ രാവുകൾ*
*പിരിയുന്നുയെന്ന് നാമിന്നറിഞ്ഞുവോ*
*എന്തിനീ ദുഃഖങ്ങൾ എന്തിനീ കണ്ണുനീർ*
*ഒരു നാളിൽ നാമെല്ലാം പിരിയേണ്ടതല്ലേ*

*അനുഭവ് എൻ ലാൽ*
*8C*

# സാക്ഷരതയുടെ പ്രാധാന്യം

വിദ്യാസമ്പന്നരായ പൗരന്മാർ ഒരു രാഷ്ട്രത്തിന്റെ സമ്പത്താണ്. സാക്ഷരത ഒരു രാഷ്ട്രത്തെ സാമ്പത്തികവും ശാസ്ത്രീയവും സംസ്കാരികവുമായ പുരോഗതിക്ക് സഹായിക്കുന്നു. അത് സാമൂഹ്യതിന്മകളെ തുടച്ചു നീക്കാൻ സഹായിക്കുന്നു. ഏറ്റവും മികച്ച ഭരണക്രമം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജനാധിപത്യത്തിൻെറ നിലനിൽപിനും അത് അത്യന്താപേക്ഷിതമാണ്.

ജനാധിപത്യം വിജയിക്കണമെങ്കിൽ ജനങ്ങൾ ശരിയായ തെരഞ്ഞെടുപ്പ് നടത്തണം. വിദ്യയസമ്പന്നരായ ജനതയ്ക്ക് മാത്രമേ ഒരു സർക്കാരിന്റെ നയങ്ങളെയും പദ്ധതികളെയും വിലയിരുത്താൻകഴിയൂ. സാക്ഷരത തങ്ങളുടെ കടമകളേയും അവകാശങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നു.

meera krishna B

**വിദ്യാർത്ഥിജീവിതം**

വിദ്യാഭ്യാസ ജീവിതം വാസ്തവത്തിൽ മനുഷ്യ ജീവിതത്തിന്റെ വസന്തകാലമാണ്.ഈ കാലഘട്ടത്തിൽ വളരെ വേഗത്തിൽ ആശയങ്ങളുടെയും ഭാവനകളുടേയും ഇലകളും പൂക്കളും ജീവിതമാകുന്ന വള്ളിയിൽ പൂക്കുന്നു. പ്രാചീനകാലത്ത് പണ്ഡിതന്മാർ മനുഷ്യ ജീവിതത്തെ ,ബ്രഹ്മചര്യം,ഗൃഹസ്ഥം,വാനപ്രസ്ഥം, സന്യാസം തുടങ്ങി നാല് വിഭാഗങ്ങളായിതിരിച്ചിരുന്നു.ജന്മം മുതൽ ഇരുപത്തിയഞ്ച് വർഷക്കാലം വരെ ബ്രഹ്മചര്യാശ്രമത്തിന്റെ സമയമാണ്.ഈ അവസ്ഥ വിദ്യാപ്രാപ്തിയുടെ സമയമായി കണക്കാക്കിയിരുന്നു.ഈ സമയത്ത് വിദ്യാർത്ഥികൾക്ക് നല്ല മാർഗ്ഗദർശനവും ശരിയായ പ്രേരണയും ലഭ്യമാകുമെങ്കിൽ തീർച്ചയായും അവന്റെ ഭാവി അത്യന്തം ഉജ്ജ്വലമായിരിക്കും.

അച്ചടക്കപാലനം വിദ്യാർത്ഥികൾക്ക് വളരെ ആവശ്യമാണ്.വിദ്യാർത്ഥികൾ പഠനത്തിൽ മാത്രമല്ല സ്വഭാവരൂപീകരണത്തിലും ശ്രദ്ധിക്കേണ്ടതാണ്.അവരുടെ ആദർശങ്ങൾ ആകാശത്തെപ്പോലെ ഉന്നതവും സിദ്ധാന്തങ്ങൾ ഹിമാലത്തെപ്പോലെ ഉറച്ചുനിൽക്കുതുമായിരിക്കണം . അവരുടെ ഹൃദയഭാവങ്ങൾ സമുദ്രത്തെപ്പോലെ അനന്തവും ഗംഭീരവുമായിരിക്കണം.

Aswathy Narayan

## ഓർമ്മകളിൽ പ്രിയപ്പെട്ട അദ്ധ്യാപിക



ഞങ്ങളുടെ സ്കൂൾ ജീവിതത്തിൽ ഒരിക്കലും മറക്കുവാൻകഴിയാത്ത ഒരു അദ്ധ്യാപികയായിരുന്നു ഞങ്ങളുടെ പ്രിയപ്പെട്ട സരസ്വതി ടീച്ചർ. ഇപ്പോൾ ടീച്ചർ ഞങ്ങളുടെ ഓർമ്മകളിൽ മാത്രം തങ്ങിനിൽക്കുന്നു. ടീച്ചർ ഈ ലോകത്തുനിന്നും വിടപറഞ്ഞെങ്കിലും ഞങ്ങളുടെ മനസ്സുകളിൽ നിന്നും ടീച്ചർ ഒരിക്കലും മായില്ല.ടീച്ചറുടെ വേർപാട് ഞങ്ങൾ കുട്ടികൾക്കും അദ്ധ്യാപകർക്കും താങ്ങാൻ പറ്റുന്നതിനും അപ്പുറമായിരുന്നു.

ടീച്ചർ പറഞ്ഞു തരുന്ന ഓരോ പാഠവും ജീവിതത്തിൽ പകർത്താൻ കൂടി വേണ്ടിയായിരുന്നു. ഞങ്ങളുടെ വിദ്യാലയ കുടുംബത്തിലെ ഒരു മുതിർന്ന അംഗമായ സരസ്വതി ടീച്ചറുടെ വേർപാട് ഞങ്ങൾക്കെന്നും ഒരു ദുഃഖമായിരിക്കും

ഞങ്ങളുടെ എല്ലാമെല്ലാമായിരുന്ന ടീച്ചർ ഒരിക്കലും മായാത്ത ഒരു ഓർമ്മയായി എന്നും ഞങ്ങളുടെ മനസ്സിൽ ഉണ്ടാകും.

ആര്യ റെജി

9.എ

# പഠനം ഒരു ആജീവനാന്ത പ്രക്രിയ

അറിവു സമ്പാദിക്കാനുള്ള കഴിവ് മനുഷ്യന് മാത്രം ലഭിച്ചിട്ടുള്ള ഒരനുഗ്രഹമാണ്. പഠനം എന്ന പ്രക്രിയ ജീവിതത്തിലെ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല.അത് ഒരു ആജീവനാന്ത പ്രക്രിയ ആണ്. ഒരു കൊച്ചുകുട്ടി ജന്മവാസനകൊണ്ട് പുതിയ കാര്യങ്ങൾ പഠിക്കുന്നു. അത് ആദ്യം മുട്ടുകുത്തി ഇഴയുകയും പിന്നീട് നടക്കാൻ പഠിക്കുകയും ചെയ്യുന്നു. അത് തന്റെ മാതാപിതാക്കളെ മറ്റുള്ളവരുടെ ഇടയിൽ നിന്നും വേർതിരിച്ചറിയാൻ പഠിക്കുന്നു. പഠനത്തിന്റെ ഈ ആദ്യഘട്ടങ്ങളിൽ പ്രത്യേക ബുദ്ധിശക്തിയുടെ ആവശ്യമില്ല.

ജീവിതത്തിലെ തുടർന്നുള്ള ഘട്ടങ്ങളിൽ ബുദ്ധിശക്തി ആവശ്യമായി വരുന്നു. സ്കൂളിലെത്തുന്ന കുട്ടിക്ക് അവന് പഠിക്കാൻ വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ പഠിക്കേണ്ടിവരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അവൻ ഉന്നതപഠനത്തിനുവേണ്ടി സർവ്വകലാശാലയിലേക്ക് പോകുകയോ ഒരു തൊഴിൽ അന്വേഷിച്ച് പുറത്തിറങ്ങുകയോ ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസം നേടിയവരും ഒരു നാൾ തൊഴിലന്വേഷകരായി മാറും


## മയക്കുമരുന്നുകളുടെ ദുരുപയോഗം

മയക്കുമരുന്നുകളുടെ വ്യാപനം ഭാവി തലമുറയ്ക്ക് വലിയ ഭീഷണിയാണുയർത്തുന്നത്. മയക്കുമരുന്ന് ഉപയോഗിക്കുന്ന ആൾ മറ്റൊരുവനെക്കുറിച്ച് ചിന്തിക്കുന്നതേയില്ല അയാളുടെ ബോധമണ്ഡലം മേഘാവൃതമാണ്. അയാൾക്ക് ഓർമ്മ ശക്തിയും വിവേചന ബുദ്ധിയും ഏകാഗ്രതയും നഷ്ടമാകുന്നു. പണത്തിന് ആവിശ്യം വരുമ്പോൾ മോഷ്ടിക്കാനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അയാൾ മടിക്കുന്നില്ല. പുതിയതായി മയക്കുമരുന്നുകളുപയോഗിക്കുന്ന മറ്റുള്ളവരുമായി സൗഹൃദം സ്ഥാപിക്കുകയും ഒരു സംഘമായി മാറുകയും ചെയ്യുന്നു. അയാൾ സമൂഹത്തിൽ നിന്നും നിഷ്കാസിതനാകുന്നു അയാൾ തുടർന്ന് ആരോഗ്യകരമായി ഒരു ജീവിതം നയിക്കാനുള്ള സാദ്ധ്യത വളരെ കുറവാണ് .

ഒരാൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നത് വേദനമാറാനോ സുഹൃത്തുക്കളുടെ നിർബന്ധത്തിനും വഴങ്ങി ഒരു രസത്തിനു വേണ്ടിയോ ആണ്. വളരെ പെട്ടന്നാണ് ആ രസത്തിനോട് താൽപര്യമേറുന്നു. പതുക്കെപ്പതുക്കെ അയാൾ മയക്കുമരുന്നിനെ ആശ്രയിക്കാനാരംഭിക്കുന്ന . അവസാനം മയക്കുമരുന്നുകളുടെ ഉപയോഗം ഒരു ശീലമായിമാറുന്നു. മയക്കുമരുന്നിനെക്കുറിച്ചുള്ള ചിന്തപോലും അവനെ ആവേശം കൊള്ളിക്കാൻ തുടങ്ങുന്നു ആധുനികരാകാൻ വേണ്ടി വിദ്യാർത്ഥികൾ മയക്കുമരുന്നുകൾ ഉപയോഗിക്കാനാരംഭിക്കുന്നു. മറ്റു ചിലർ നിരാശയിൽ നിന്നും രക്ഷപ്പെടാനും മാനസിക പിരിമുറുക്കത്തിൽ നിന്നും രക്ഷ നേടാനും മയക്കുമരുന്നുകളെ ആശ്രയിക്കുന്നു.

പാർവ്വതി എസ് നായർ


# ചിത്രശാല


DEVI VILASOM VHSS
Kumaranalloor
ArjunPrasanth
VIII B


Vishnu KS
8.B




VIII : B
Jasna Hassan




24/8/16


Praveena.K.R
VIII : B




# സ്കൂൾ പ്രവർത്തനങ്ങൾ




NATIONAL SERVICE SCHEME
S KUMARANALLOOR.
2
D.V.V.H.S.S KUMARANALLOOR












ദേവീവിലാസം VHSS
സ്മാർട്ട് ക്ലാസ്







# വിജയികൾ



ഗണിതശാസ്ത്രം



യു.എസ്.എസ് സ്കോളർഷിപ്പ്



സാമൂഹ്യശാസ്ത്രം

## എസ്.എസ്.എൽ.സി 2018
## ഉന്നത വിജയികൾ


















**Student Editors**

**Parvathi.s.Nair**
**Meera Krishna B**
**Arya Reji**
**Aswathy Narayan**
**Gayathri Purushothaman**

